(5) അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ ആനുകൂല്യം

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, നാലും അഞ്ചും വർഷം സർവ്വീസുള്ള കേരളത്തിലെ ആയിരക്കണക്കിന് അദ്ധ്യാപകർക്ക് കഴിഞ്ഞ വർഷവും ഈ വർഷവും വന്നിട്ടുള്ള ഡിവിഷൻ ഫാൾ നിമിത്തം ഇപ്പോൾ ജോലി നഷ്ടപ്പെട്ടിരിക്കുകയാണ്. ഇവർക്ക് പ്രൊട്ടക്ഷൻ നൽകുന്നതിനാവശ്യമായിട്ടുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കണമെന്നും പ്രൊട്ടക്ഷൻ ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായിട്ടുള്ള ഉത്തരവ് നൽകണമെന്നും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 1969-ലാണ് മഹാനായ സി. എച്ചിന്റെ കാലത്ത് ആദ്യമായി സ്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ വ്യവസ്ഥ കൊണ്ടുവന്നത്. അതുപ്രകാരം 1997 വരെയുള്ള റഗുലർ തസ്തികകളിലെ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷന്റെ ആനുകൂല്യം കൊടുത്തുകൊണ്ടിരിക്കുകയാണ്. മെമ്പർ പറഞ്ഞത് അത് 2000 വരെ നീട്ടണമെന്നാണ്. ഇന്നത്തെ സാമ്പത്തിക പ്രയാസവും മറ്റ് ബുദ്ധിമുട്ടുകളും ആലോചിക്കുമ്പോൾ അത് നീട്ടാനുള്ള സാധ്യത പരിഗണിക്കാൻ സാധ്യമല്ല.

(6) കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

ശ്രീ. എം. എ. വാഹീദ് : സർ, വിദ്യാർത്ഥികളുടെ അഡ്മിഷൻ നടക്കുന്ന സമയമാണിത്. പ്രീ-ഡിഗ്രി കോഴ്സിന് അഡ്മിഷൻ കിട്ടാതെ കഷ്ടപ്പെടുന്ന ഒരുപാട് വിദ്യാർത്ഥികളും രക്ഷകർത്താക്കളും കേരളത്തിലുണ്ട്. കോളേജുകളിൽ നിന്ന് പ്രീ-ഡിഗ്രി വേർപെടുത്തിയതിനുശേഷം കോളേജുകളിൽ ധാരാളം അദ്ധ്യാപകർ അധികമായിട്ടുണ്ട്. ഈ അദ്ധ്യാപകരെ ഉപയോഗിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുവാൻവേണ്ടി പല കോളേജുകളും അപേക്ഷ നൽകിയിട്ടുണ്ട്. ചിലതിലെല്ലാം സർക്കാർ അതിന് അനുവാദവും കൊടുത്തിട്ടുണ്ട്. പക്ഷേ യൂണിവേഴ്സിറ്റി അതിനാവശ്യമായ അനുവാദം നൽകുന്നില്ല. എന്റെ നിയോജക മണ്ഡലത്തിലെ തുമ്പ സെന്റ് സേവിയേഴ്സ് കോളേജിൽ കെമിസ്ട്രിക്കും ഫിസിക്സിനും അദ്ധ്യാപകർ കൂടുതലാണ്. എം.എസ്.സി. ഫിസിക്സ് കോഴ്സ് ആവശ്യപ്പെട്ടപ്പോൾ കൊടുത്തത് കണക്കാണ്. അവിടെ ഇൻഡസ്ട്രിയൽ കെമിസ്ട്രി കോഴ്സ് ഉണ്ടായിരുന്നു. ആ കോഴ്സ് യൂണിവേഴ്സിറ്റി സാങ്കേതിക കാരണങ്ങൾ പറഞ്ഞ് റദ്ദാക്കി. ചെമ്പഴന്തി ശ്രീനാരായണ കോളേജിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ് ഉണ്ടായിരുന്നു. ഇവിടെ ഇംഗ്ലീഷ് അദ്ധ്യാപകർ അധികമാണ് ആ കോളേജിൽ അദ്ധ്യാപകർ വെറുതെ ശമ്പളം പറ്റി ഇരിക്കുകയാണ്. അവരുടെ സേവനം ഉപയോഗപ്പെടുത്തി നടത്തേണ്ട കോഴ്സിന് സർക്കാർ അനുവാദം കൊടുത്തിട്ടുണ്ട്. എങ്കിൽപ്പോലും യൂണിവേഴ്സിറ്റി അനുവാദം കൊടുക്കുന്നില്ല. അതുപോലെ കാര്യവട്ടം ഗവൺമെന്റ് കോളേജിൽ ബയോ ടെക്നോളജി എം.എസ്.സി കോഴ്സ് ആരംഭിക്കുവാനുള്ള എല്ലാ സാഹചര്യവും ഉണ്ട്. ഇവിടെ പി.ടി.എ ആവശ്യമായ. എല്ലാ സാഹചര്യങ്ങളും ചെയ്തു കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെയും ഈ കോഴ്സ് ആരംഭിക്കുവാൻ യൂണിവേഴ്സിറ്റി അനുവദിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : This is only a submission.

ശ്രീ. എം. എ. വാഹീദ് : സംസ്ഥാന ഖജനാവിൽനിന്നും വെറുതെ ശമ്പളം പറ്റിക്കൊണ്ടിരിക്കുന്ന അദ്ധ്യാപകരെ പ്രയോജനപ്പെടുത്തി രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും ഗുണകരമായ കോഴ്സുകൾ നടത്താനാവശ്യമായ നിർദ്ദേശം കേരളാ യൂണിവേഴ്സിറ്റിക്ക് സർക്കാർ നൽകണമെന്നുള്ളതാണ് എന്റെ നാട്ടുകാരുടെ ആവശ്യം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചതുപോലെ അധികം സാമ്പത്തിക ബാധ്യതകൾ ഇല്ലാതുള്ള കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് തടസ്സമില്ല. എന്നാൽ എയിഡഡ് കോളേജുകളിൽ ഏതെങ്കിലും വകുപ്പുകളിലോ വ്യത്യസ്ത കാറ്റഗറികളിലോ അദ്ധ്യാപകർ കൂടുതലുണ്ട് എന്നുള്ളതുകൊണ്ട് ആ കോഴ്സ് ആ വിഷയത്തിന് മാത്രമായിട്ട് അനുവദിക്കുന്നത് ശരിയല്ല. ഇതിനെ സംബന്ധിച്ചിടത്തോളം യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായി പലവട്ടം ചർച്ചചെയ്തു. സർപ്ലസ് അദ്ധ്യാപകരെ ഉപയോഗിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ സാധിക്കുമോ ? അധിക ബാധ്യത ഇല്ലാതെ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ യൂണിവേഴ്സിറ്റി റെക്കമന്റ് ചെയ്തു. ആ കോളേജ് ആവശ്യപ്പെട്ടാൽ റെക്കമെന്റ് ചെയ്ത് ഗവൺമെന്റിന് സമർപ്പിക്കണം എന്നുള്ള ചർച്ച ആ സന്ദർഭത്തിൽ പറഞ്ഞിരുന്നു. അതല്ലാതെ വ്യക്തമായ നിർദ്ദേശം യൂണിവേഴ്സിറ്റിയിൽ ഈ കാര്യത്തിൽ കൊടുക്കുവാൻ സാധ്യമല്ല. എന്നാണ് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുവാനുള്ളത്. ഇപ്പോൾ ബി.എസ്.സി. ഇൻഡസ്ട്രിയൽ കെമിസ്ട്രി കോഴ്സിനും എം.എസ്.സി ഫിസിക്സ് കോഴ്സിനും ഉള്ള അദ്ധ്യാപകർ സെന്റ് സേവിയേഴ്സ് കോളേജിൽ ഉണ്ടെന്നാണ് പറഞ്ഞത്. അത് തുടങ്ങേണ്ടതാണ്. അതുപോലെ ശ്രീനാരായണ കോളേജ് ചെമ്പഴന്തിയിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ളീഷ് ഡിഗ്രി കോഴ്സ് തുടങ്ങാൻ വേണ്ടി പി.ടി.എ ആവശ്യപ്പെട്ടു. അത് യൂണിവേഴ്സിറ്റി അനുവദിച്ചില്ല എന്നാണ് ചൂണ്ടിക്കാണിച്ചത്. കാര്യവട്ടം ഗവൺമെന്റ് കോളേജിൽ 250 സ്റ്റുഡന്റ് സാണ് ബയോ ടെക്നോളജിയിൽ ഉള്ളത്. അവിടെ പന്ത്രണ്ടു സീറ്റുകൾ മാത്രമേ എം.എസ്.സി.ക്കു വേണ്ടിയുള്ളു. അത് യൂണിവേഴ്സിറ്റിക്ക് ഇന്ന് നിലവിലുള്ള അദ്ധ്യാപകരെ പ്രയോജനപ്പെടുത്തിക്കൊണ്ട് നടത്താവുന്നതാണ്. യൂണിവേഴ്സിറ്റി അധികാരം തന്നില്ല എന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. എന്നാലും ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റിയുമായി ചർച്ച ചെയ്ത് വ്യക്തമായ നിർദ്ദേശം, ഡയറക്ഷൻ എന്നുള്ള നിലയ്ക്ക് നടപടികളെടുക്കുവാൻ ഗവൺമെന്റ് ആലോചിക്കാമെന്നാണ് ഈ കാര്യത്തിൽ പറയാനുള്ളത്. ഓട്ടോണമി സംവിധാനത്തിന് പോരായ്മ പറ്റാത്ത രീതിയിലുള്ള നിർദ്ദേശം കൊടുക്കുവാൻ, ഇക്കാര്യത്തിന് വേണ്ടിയുള്ള ചർച്ച നടത്താൻ, ആവശ്യമായ നടപടിയെടുക്കുവാൻ ഗവൺമെന്റ് യൂണിവേഴ്സിറ്റിയുമായി ആലോചിക്കും എന്നാണ് ഈ കാര്യത്തിൽ എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly